## STD 10-FIRST BELL- BIOLOGY- CLASS-07
## Chapter – 1
## അറിയാനും പ്രതികരിക്കാനും

**സുഷുമ്ന**

**സ്ഥാനം**

- മെഡുല്ല ഒബ്ലോംഗേറ്റയുടെ തുടർച്ചയാണ് സുഷുമ്ന.
- നട്ടെല്ലിനുള്ളിൽ കാണുന്നു

**സംരക്ഷണം**

- നട്ടെല്ലിന്റെ കവചത്തിനുള്ളിൽ സുഷുമ്ന സംരക്ഷിക്കപ്പെട്ടിരിക്കുന്നു.
- സുഷുമ്നയെ ആവരണം ചെയ്ത് മൂന്ന് പാളിസ്തരമാണ് മെനിഞ്ജസ്.
- മെനിഞ്ജസിന്റെ ആന്തരപാളികൾക്കിടയിലും സെൻട്രൽ കനാലിലും സെറിബ്രോസ്പൈനൽ ദ്രവം നിറഞ്ഞിരിക്കുന്നു.

**ഘടന**




- സുഷുമ്നയുടെ പുറംഭാഗത്ത് വൈറ്റ് മാറ്ററും ആന്തര ഭാഗത്ത് ഗ്രേമാറ്ററും കാണപ്പെടുന്നു.
- ഗ്രേമാറ്ററിന്റെ മധ്യ ഭാഗത്തുള്ള കനാൽ ആണ് സെൻട്രൽ കനാൽ
- സുഷുമ്നയിൽനിന്നും 31 ജോഡി സുഷുമ്നാനാഡികൾ പുറപ്പെടുന്നു.
- ശരീരത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത് 31 ജോഡി സുഷുമ്നാനാഡികൾ വഴിയാണ്.
- ഓരോ സുഷ്മ്നാനാഡിയും **ഡോർസൽ റൂട്ട്, വെൻട്രൽ റൂട്ട്** എന്നീ ശാഖകൾ വഴി സുഷുമ്നയുമായി ബന്ധപ്പെട്ടിരിക്കുന്നു.
- **സംവേദ ആവേഗങ്ങൾ** ഡോർസൽ റൂട്ടിലൂടെ സുഷുമ്നയിലേയ്ക്കും **പ്രേരക ആവേഗങ്ങൾ** വെൻട്രൽ റൂട്ടിലൂടെ പുറത്തേയ്ക്കും വഹിക്കുന്നു.
- **സംവേദ ന്യൂറോൺ = ഡോർസൽ റൂട്ട്, പ്രേരക ന്യൂറോൺ = വെൻട്രൽ റൂട്ട്**

**Ø:** സുഷുമ്നാനാഡിയുടെ രൂപപ്പെടൽ

- ഓരോ സുഷുമ്നാനാഡിയും **ഡോർസൽ റൂട്ട്, വെൻട്രൽ റൂട്ട്** എന്നിവ ചേർന്നുണ്ടാകുന്നു.

**Ø:** ഡോർസൽ റൂട്ട്, വെൻട്രൽ റൂട്ട് എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

- ഡോർസൽ റൂട്ട് സംവേദ ആവേഗങ്ങളെ സുഷുമ്നയിൽ എത്തിക്കുന്നു. പ്രേരക ആവേഗങ്ങൾ വെൻട്രൽ റൂട്ടു വഴിയാണ് സുഷുമ്നയിൽ നിന്നും പുറത്തേക്ക് വരുന്നത്.

| ഡോർസൽ റൂട്ട് | വെൻട്രൽ റൂട്ട് |
|---|---|
| സംവേദ നാഡീതന്തുക്കൾ ചേർന്നത് | പ്രേരക നാഡീതന്തുക്കൾ ചേർന്നത് |
| സംവേദ ആവേഗങ്ങൾ സുഷുമ്നയിലേക്ക് വരുന്നു. | പ്രേരക ആവേഗങ്ങൾ സുഷുമ്നയിൽ നിന്നും പുറത്തേക്ക് പോകുന്നു. |

**സുഷുമ്നയുടെ ധർമ്മങ്ങൾ**

- റിഫ്ളക്സ് പ്രവർത്തനങ്ങളുടെ കേന്ദ്രമാണ് സുഷുമ്ന.
- ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആവേഗങ്ങളെ മസ്തിഷ്കത്തിലേക്കും തിരിച്ചും പ്രേഷണം ചെയ്യുന്നു.
- നടത്തം, ഓട്ടം തുടങ്ങിയ പ്രവർത്തനങ്ങളിലെ ആവർത്തന ചലനം ഏകോപിപ്പിക്കുക.

**റിഫ്ളക്സുകൾ**

- നമ്മുടെ ഇച്ഛാനുസരണനില്ലാതെ ഉദ്ദീപനങ്ങൾക്കനുസരിച്ച് ആകസ്മികമായി നടക്കുന്ന ശാരീരിക പ്രതികരണങ്ങളാണ് റിഫ്ളക്സ് പ്രവർത്തനങ്ങൾ.

ഉദാ:

- യാദൃച്ഛികമായി മുള്ളിൽ ചവിട്ടുമ്പോൾ കാല് പെട്ടെന്നു പിൻവലിക്കുന്നു.
- യാദൃച്ഛികമായി തീയിൽ ചവിട്ടുമ്പോൾ കാല് പെട്ടെന്നു പിൻവലിക്കുന്നു.
- തയ്ച്ചു കൊണ്ടിരിക്കുമ്പോൾ കൈയിൽ സൂചി കൊള്ളുകയാണെങ്കിൽ പെട്ടന്നു കൈ പിൻവലിക്കുന്നു.
- കണ്ണിന് നേരെ ഒരു പ്രാണി വരുമ്പോൾ പെട്ടന്ന് കണ്ണടയ്ക്കുന്നു.

➢ കേന്ദ്രനാഡീവ്യവസ്ഥയുടെ ഘടകങ്ങളായ തലച്ചോറിൽ നിന്നും സുഷുമ്നയിൽ നിന്നും റിഫ്ളക്സ് പ്രവർത്തനങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ സുഷുമ്നയിൽ നിന്നാണ് ഇത്തരം പ്രവർത്തനങ്ങൾ അധികവും ഉണ്ടാകുന്നത്. റിഫ്ളക്സ് പ്രവർത്തനങ്ങളെല്ലാം **അബോധപ്രവർത്തനങ്ങളാണ്**. ആകസ്മികമായി പ്രതികരിക്കേണ്ടിവരുമ്പോൾ സുഷുമ്നയിൽ വച്ചുതന്നെ പ്രതികരണങ്ങൾക്കുള്ള നിർദേശങ്ങൾ നൽകപ്പെടുന്നു. അതിനുശേഷമായിരിക്കും ആവേഗങ്ങൾ തലച്ചോറിലെത്തുന്നത്. തുടർന്ന് ബോധപൂർവമായ പ്രതികരണങ്ങൾ ഉണ്ടാകുന്നു.

**വിവിധ തരം റിഫ്ളക്സുകൾ**

- റിഫ്ളക്സുകൾ രൂപപ്പടുന്ന കേന്ദ്രത്തിനനുസരിച്ച് രണ്ടായി തരം തിരിക്കാം

**സ്പൈനൽ റിഫ്ളക്സ്**

- സുഷുമ്നയിൽ നിന്നും രൂപപ്പെടുന്ന റിഫ്ളക്സുകളെ സ്പൈനൽ റിഫ്ളക്സ് എന്നുപറയുന്നു.
- ഉദാ: യാദൃച്ഛികമായി തീയിൽ ചവിട്ടുമ്പോൾ കാല് പെട്ടെന്നു പിൻവലിക്കുന്നു. കാലിൽ മുള്ളു കൊള്ളുമ്പോൾ കാൽ പെട്ടെന്നു പിൻവലിക്കുന്നു.

**സെറിബ്രൽ റിഫ്ളക്സ്**

- തലച്ചോറിൽ നിന്നും രൂപപ്പെടുന്ന റിഫ്ളക്സുകളെ സെറിബ്രൽ റിഫ്ളക്സ് എന്നുപറയുന്നു.
- സെറിബ്രൽ റിഫ്ളക്സ് എന്നാണ് പറയുന്നതെങ്കിലും സെറിബ്രത്തിലെ ബോധകേന്ദ്രങ്ങൾക്ക് ഇതിൽ യാതൊരു പങ്കും ഇല്ല.
- ഉദാ: കണ്ണുചിമ്മൽ, ശബ്ദം കേട്ട് ഞെട്ടിത്തിരിയൽ

**റിഫ്ളക്സ് ആർക്**

- റിഫ്ളക്സ് പ്രവർത്തനത്തിലെ ആവേഗങ്ങളുടെ പാതയാണ് റിഫ്ളക്സ് ആർക്.

**ഭാഗങ്ങൾ:**

- ഉദ്ദീപനം സ്വീകരിക്കുന്ന ഗ്രാഹി →സംവേദനാഡി→സെറിബ്രം/സുഷുമ്ന →ഇന്റർന്യൂറോൺ →പ്രേരക നാഡി→പേശി/പ്രതികരിക്കുന്ന അവയവം.



- **സ്പൈനൽ റിഫ്ളക്സ്: റിഫ്ളക്സ് ആർക്**
  - മുള്ളിൽ അറിയാതെ വിരൽത്തുമ്പുതൊടുന്നു. അവിടത്തെ ഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു →സംവേദനാഡിതന്തു ആവേഗങ്ങളെ സുഷുമ്നയിലേക്കു കൊണ്ടു പോകുന്നു. → ഇന്റർന്യൂറോൺ സംവേദനാഡിയെയും പ്രേരകനാഡി യെയും ബന്ധിപ്പിക്കുന്നു → പ്രേരകനാഡി സുഷുമ്നയിൽ നിന്നുള്ള നിർദേശം ബന്ധപ്പെട്ട പേശിയിലേക്കു കൊണ്ടു വരുന്നു. → പേശിയുടെ പ്രവർത്തനത്താൽ കൈ പിൻവലിക്കുന്നു.




**സെറിബ്രൽ റിഫ്ളക്സ്: റിഫ്ളക്സ് ആർക്**

കണ്ണിലേക്ക് പ്രാണി വരുന്നു → സംവേദനാഡി ആവേഗങ്ങളെ സെറിബ്രത്തിലേക്കു കൊണ്ടു പോകുന്നു. → ഇന്റർന്യൂറോൺ സംവേദനാഡിയേയും പ്രേരകനാഡിയേയും ബന്ധിപ്പിക്കുന്നു → പ്രേരകനാഡി സെറിബ്രത്തിൽ നിന്നുള്ള നിർദേശം ബന്ധപ്പെട്ട പേശിയിലേക്കു കൊണ്ടുവരുന്നു → പേശിയുടെ പ്രവർത്തനത്താൽ കണ്ണ് ചിമ്മുന്നു.

**പരിക്കേറ്റവരെ പരിചരിക്കുമ്പോൾ സുഷുമ്നയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട വസ്തുതകൾ**

- നട്ടെല്ലിന് ഏൽക്കുന്ന ക്ഷതം സുഷുമ്നയെ ബാധിക്കാൻ സാധ്യതയുണ്ട്. അതിനാൽ രോഗിയെ / അപകടത്തിൽപെട്ടവരെ കൈകളിലോ കാലുകളിലോ പിടിച്ച് പെട്ടന്ന് ഉയർത്തിയെടുക്കുന്നത് അഭികാമ്യമല്ല.
- അപകടത്തിൽപെട്ടവ്യക്തിയുടെ തലയോ കഴുത്തോ ചലിപ്പിക്കാൻ ശ്രമിക്കരുത്
- തലയ്ക്കും കഴുത്തിനും സംരക്ഷണം നൽകണം
- അപകടത്തിൽപെട്ടയാളെ ഉടനെ ആശുപത്രിയിൽ എത്തിക്കുന്നതിനായി ആംബുലൻസ് വിളിക്കുക.

*Prepared by:*


Riyas
HST NS
PPMHSS Kottukkara
Kondotty-Malappuram
09747944422